പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 918 25.1.2018-ൽ മറുപടിയ്ക്ക്

## നാടൻ പശുജനുസ്സുകളുടെ വികസനവും പരിപാലനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, എ. കെ. ശശീന്ദ്രൻ<br>,, കെ.ബി.ഗണേഷ് കുമാർ | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ നാടൻ പശു ജനുസ്സുകളുടെ വികസനത്തിനും പ്രജനന വർദ്ധനവിനും എന്തൊക്കെ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടുണ്ട്; | എ) | വെച്ചൂർ പശുക്കളെ മാത്രമാണ് കേരളത്തിലെ തനത് നാടൻ പശുജനുസ്സായി NPAGR അംഗീകരിച്ചിട്ടുള്ളത്. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് നല്ല ഇനത്തിലുള്ള തനത് നാടൻ കാളകളുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. ആയത് കർഷകരുടെ ആവശ്യാനുസരണം മൃഗാശുപത്രികൾ മുഖേന മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി വിതരണം നടത്തി വരുന്നു. കെ.എൽ.ഡി.ബോർഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ ഭാരതത്തിന്റെ തനത് ജനുസ്സ് പശുക്കളെയും,കാളകളെയും വംശനാശം വരാതെ സംരക്ഷിക്കുകയും, വംശവർദ്ധനവ് നടത്താനുതകുന്ന വിധം അവയുടെ ബീജമാത്രകൾ ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.കേരളത്തിലെ പ്രധാന നാടൻ പശു ഇനങ്ങളായ വെച്ചൂർപശു,കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം ,ജെഴ്സി ഫാം വിതുര എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്.തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി &അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസിൽ വെച്ചൂർ പശുക്കളെ സംരക്ഷിക്കുന്നതിനായി ഫാം നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്.കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന പേരിലുള്ള ഒരു സർക്കാരിതര സംഘടനയും ഇവയെ സംരക്ഷിച്ചു വരുന്നു.വടക്കൻ കേരളത്തിലെ തനത് നാടൻ പശുവായ കാസർഗോഡ് കുള്ളൻ പശുക്കളെയും,കാളകളെയും സംരക്ഷിക്കുന്നതിനു മാത്രമായി കാസർഗോഡ് ബദിയഡുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം സ്ഥാപിച്ചിട്ടുണ്ട് വെച്ചൂർ,കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/-രൂപ വീതം വിവിധ പദ്ധതികളിലായി കെ.എൽ.ഡി.ബോർഡ് നൽകി വരുന്നു. വെച്ചൂർ/തനത് നാടൻ ഇനങ്ങളെ പരിപാലിക്കുന്ന മികച്ച കർഷകർക്കും കർഷക സംഘടനകൾക്കും വർഷാവർഷം കെ.എൽ.ഡി.ബി മുഖേന ഗോപാൽ രത്ന ,കാമധേനു അവാർഡുകൾ നൽകി വരുന്നു |
| ബി) | ഇതിന് തടസ്സം നിൽക്കുന്ന പ്രജനന നയത്തിലെ നിബന്ധനകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) | ജനിതക മേന്മയുള്ള നാടൻ പശുക്കളുടെ കശാപ്പ് നിയന്ത്രിക്കുവാനും ഉൽപ്പാദനക്ഷമത കൂടിയതും തനതു ജനുസ്സിന്റെ വർഗ്ഗ ലക്ഷണങ്ങൾ കാണിക്കുന്നതുമായ ഉരുക്കളെ തിരഞ്ഞെടുത്ത് പരിപാലിക്കുന്നതിനും, അതുവഴി ഉൽപ്പാദനക്ഷമത കൂടിയ നാടൻ പശുക്കളുടെ പുതിയ ശ്രേണി ഉരുത്തിരിച്ചെടുക്കുവാനും വേണ്ട സാങ്കേതിക സഹായവും പ്രോൽസാഹനവും കർഷകർക്ക് നൽകുന്നുണ്ട് 2008 ലെ പ്രജനന നയത്തിൽ ഇളവ് വരുത്തി നാടൻ പശുക്കളെ വളർത്തുന്ന കർഷകരുടെ ഉരുക്കൾക്ക് അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജമാത്രകൾ മാത്രം ഉപയോഗിച്ച് കൃത്രിമ ബീജാദാനം നടത്തുവാനും അത് സാധ്യമായില്ലെങ്കിൽ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുമായി ഇണ ചേർക്കുവാനും, ടി കാര്യങ്ങളിൽ സത്വര ശ്രദ്ധ പുലർത്തണമെന്നുള്ള നിർദ്ദേശം ഫീൽഡ്തല ഉദ്യോഗസ്ഥർക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.യാതൊരു കാരണവശാലും സങ്കരയിനം കാളകളുടെ ബീജമാത്രകൾ ഉപയോഗിച്ച് നാടൻ പശുക്കളിൽ കൃത്രിമ ബീജാദാനം നടത്തുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br>2018 മുതൽ നടപ്പിലാക്കുവാൻ തയ്യാറായി വരുന്ന കന്നുകാലി പ്രജനന നയത്തിൽ തനത് നാടൻ പശുക്കളെ സംരക്ഷിക്കുവാനും വംശവർദ്ധനവ് വരുത്തുന്നതിനും ഉതകുന്ന വിധത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |
| (സി) | നാടൻ പശുക്കളുടെ വികസനവും പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം ലഭിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | നാടൻ പശുക്കളെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വീതം നൽകി വരുന്നു. വെച്ചൂർപശുക്കളുടെ പ്രത്യേക പ്രജനന പദ്ധതി ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കി വരുന്നു. വെച്ചൂർ പശുക്കളുടെ എണ്ണം പെട്ടെന്ന് വർദ്ധിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള 2.50 കോടി രൂപയുടെ പ്രത്യേക കേന്ദ്ര പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. നാടൻ പശുക്കളുടെ സംരക്ഷണത്തിന് കേന്ദ്ര/സംസ്ഥാനം അനുവദിക്കുന്ന എല്ലാ വിധ ധനസഹായം/സാങ്കേതിക വിദ്യാ സഹായം എന്നിവ കർഷകർക്ക് ലഭ്യമാക്കുവാനുമുള്ള സത്വര നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ